**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1518** — **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്ഥലം അളന്ന് തിട്ടപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ എത്രയാണ്; വ്യക്തമാക്കാമോ; | (എ) | കൊച്ചി താലൂക്ക് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി സർവ്വെ/അളവ് നടപടികൾ സ്വീകരിക്കുന്നതിന് 2935 അപേക്ഷകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | 2018 ലെ പ്രളയവും 2020-21 വർഷത്തെ കോവിഡ് മഹാമാരി പ്രതിസന്ധി മൂലവും സർവ്വെ സംബന്ധമായ അപേക്ഷകളിൽ സ്ഥല പരിശോധന നടത്തി അളവ് നടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വന്നിട്ടുള്ളതിനാൽ ടി കാലയളവുകളിലെ ഫയലുകൾ യഥാസമയം തീർപ്പാക്കുവാൻ കഴിയാതെ വന്നിട്ടുള്ളതാണ്. ടി കാലയളവുകളിലെ അപേക്ഷകളും അതിനെ തുടർന്ന് വന്നിട്ടുള്ള അപേക്ഷകളുടെ ബാഹുല്യവും മൂലം സർവ്വെയർമാർക്ക് വലിയ ജോലിഭാരമാണ് വന്നിട്ടുള്ളത്. ആയതിനാലാണ് സർവ്വെ അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളത്. |
| (സി) | വിവാഹം, വിദ്യാഭ്യാസം എന്നിവ പോലുള്ള വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കുമ്പോൾ താലൂക്ക് സർവ്വേയറുടെ സേവനം ലഭ്യമാകാത്തതിനാൽ അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കൂടുതൽ സർവ്വേയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | 2022 ജൂൺ മാസം വരെ കൊച്ചി താലൂക്കിൽ 3 സർവ്വെയർമാരുടെ സേവനമാണ് ലഭ്യമായിട്ടുണ്ടായിരുന്നത്. സർവ്വെയർമാരുടെ അപര്യാപ്തത ചൂണ്ടിക്കാട്ടി കൂടുതൽ സർവ്വെയർമാരെ നിയമിക്കണമെന്നുള്ള കൊച്ചി ഭൂരേഖ തഹസിൽദാരുടെ അപേക്ഷ പരിഗണിച്ച് എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ഒരു സർവ്വെയറെ അധികമായി നിയോഗിച്ചിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള തരംമാറ്റ അപേക്ഷകളിൽ അതിവേഗം തീർപ്പ് കൽപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി 6 മാസം കാലാവധിയിൽ 3 സർവ്വെയർമാരെ കൂടി നിയമിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കൾവർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് 24/07/2019-ന് പൊന്നാഞ്ചേരി ആത്മജ സിദ്ധാർത്ഥൻ സമർപ്പിച്ച പരാതിയിൽ പറയുന്ന സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനം ആവശ്യപ്പെട്ട് കത്ത് നൽകുന്നതിന് 22/08/2019 - ലെ ജനറൽ കമ്മിറ്റി 25/1 നമ്പറായി തീരുമാനം എടുത്ത് 23/10/2019-ൽ താലൂക്കിൽ സമർപ്പിച്ച പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; പ്രസ്തുത പരാതിക്കാരിയുടെ സ്ഥലം എന്നത്തേക്ക് അളന്ന് തിട്ടപ്പെടുത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | പള്ളിപ്പുറം പഞ്ചായത്തിലെ കൾവർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊന്നാഞ്ചേരി ശ്രീമതി. ആത്മജ സിദ്ധാർത്ഥന്റെ വസ്തു അളന്ന് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ 2019 ൽ ലഭിച്ചിരുന്നുവെങ്കിലും അതിനു മുൻപ് ലഭിച്ചിരുന്ന അപേക്ഷകളിൽ സർവ്വെ നടപടികൾ പൂർത്തിയാക്കുവാൻ ഉണ്ടായിരുന്നതിനാലും പിന്നീട് 2020 ൽ ഉണ്ടായ കോവിഡ് മഹാമാരിയെ തുടർന്ന് സമ്പൂർണ്ണ ലോക്ക് ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും തുടർന്ന് ഓഫീസ് പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചപ്പോൾ സർവ്വെയർമാർക്ക് കോവിഡ് ബാധിച്ചതിനാലുമാണ് സർവ്വെ നടപടി പൂർത്തിയാക്കുവാൻ കാലതാമസം സംഭവിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷ അടിയന്തിര പ്രാധാന്യം നൽകി സർവ്വെ നടപടി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ